ഒസെക്കിളുകൾ തങ്ങൾ അടക്കം എല്ലാ പൗരർക്കും തുല്യമായി അവകാശപ്പെട്ടവയാണെന്ന ബോധം ഓരോ നഗരവാസിക്കും ഉണ്ടായാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളു. പദ്ധതി വിജയിച്ചാലോ, നഗരജീവിതത്തിന്റെ ഗുണമേന്മ അത്യുമൂലം വളരെയധികം ഉയരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഫോർത്സ് ഹൈം നഗരത്തിലെ മുനിസിപ്പാലിററി പരീക്ഷണാർത്ഥം ഒരു 'നഗരചക്ര' പദ്ധതി നടപ്പിലാക്കുന്നതിനെപ്പററി ഗൗരവമായി ആലോചിക്കുകയാണെന്ന് 'ജർമൻ ട്രൈബ്യൂൺ' എന്ന വാരികയുടെ 1987 ജൂൺ 21–ലെ ലക്കത്തിൽ ചേർത്ത ഒരു ലേഖനത്തിൽ കാണുന്നു.

പൊതു ഗതാഗതത്തിലും മുനിസിപ്പൽ ഭരണത്തിലും താല്പര്യമുള്ള ചിലരെങ്കിലും കേരളത്തിൽ ഉണ്ടായിരിക്കുമല്ലോ. ജർമനിയിലെ അതിപ്രസിദ്ധമല്ലാത്ത ഒരു നഗരത്തിൽ നടക്കുന്ന ഈ പരീക്ഷണത്തിൽ അവർ ശ്രദ്ധപതിപ്പിക്കുന്നതു നന്നായിരിക്കും. നമുക്ക് ഉപകാരപ്രദമായേക്കാവുന്ന പല പാഠങ്ങളും അതിൽനിന്നു കിട്ടിക്കൂടെന്നില്ല.

(16 ആഗസ്റ്റ്, 1987)

# 85. ചന്ദനത്തിരി

കുളിച്ചശേഷം ഉണക്കാനും വാസന ഉളവാക്കാനുമായി തലമുടിയിൽ സുഗന്ധപ്പുക ഏല്പിക്കുന്ന പതിവ് ഇന്ത്യയിൽ പണ്ട് ഉണ്ടായിരുന്നു. 'കേശസംസ്കാരധൂപ'ങ്ങളെപ്പററി കാളിദാസൻ പ്രസ്താവിക്കുന്നുണ്ട്. ധൂപം എന്നാൽ, സുഗന്ധപ്പുക. ധൂമം വെറും പുക. വീട്ടിനകത്തെ ഈർപ്പം ഇല്ലാതാക്കാനും കൊതുകുകളെയും അവയെക്കാൾ ചെറിയ 'പ്യക്ക'കളെയും നശിപ്പിക്കാനുംവേണ്ടി, ജനലുകളും വാതിലുകളും അടച്ചിട്ട് അകത്തു പുകനിറയ്ക്കുന്ന സമ്പ്രദായവും നിലവിലിരുന്നു. 'മട്ടി' മുതലായ ചില മരങ്ങളുടെ പശയാണു പുകയുണ്ടാക്കാൻ ഉപയോഗിച്ചുവന്നതു്. സുഗന്ധപ്പുക ഉളവാക്കുന്ന മരപ്പശകൾ വിശിഷ്ടവസ്തുക്കളായി ഗണിക്കപ്പെട്ടിരുന്നു. രാജാക്കന്മാർക്കും മററും കാഴ്ചവയ്ക്കാനും, ക്ഷേത്രങ്ങളിൽ വഴിപാടായി സമർപ്പിക്കാനും ഇവ പ്രയോജനപ്പെട്ടിരുന്നു. കിഴക്കുനിന്നു വന്ന വിദ്വാന്മാർ ഉണ്ണിയേശുവിനെ മൂരും കുന്തുരുക്കവും കാഴ്ചവച്ചു വണങ്ങിയതായി ബൈബിൾ പറയുന്നുണ്ടല്ലോ. യേശുവിന്റെ ജനനംപോലെ മരണവും സുഗന്ധവസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. 'നിക്കോദേമോസ് ഏതാണ്ടു നൂറു റാത്തൽ മീറായും അകിലുംചേർന്ന സുഗന്ധക്കൂട്ടു കൊണ്ടുവന്നു. അവർ വന്നു്, യേശുവിന്റെ ശരീരം എടുത്തു്, യഹൂദരുടെ ശവസംസ്കാരസമ്പ്രദായമനുസരിച്ചു്, സുഗന്ധദ്രവ്യങ്ങളോടുകൂടി ലിനൻ കച്ചയിൽ പൊതിഞ്ഞു' എന്നു് യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നു. മൃതശരീരത്തിനകത്തുനിന്നു കുടലും മററും നീക്കി, പകരം സുഗന്ധവസ്തുക്കൾ നിറച്ചു്, പുറമെ സുഗന്ധതൈലം പുരട്ടി, കച്ചയിൽ പൊതിഞ്ഞാണു് ഈജിപ്തുകാർ, ആയിരത്താണ്ടുകളോളം കേടുകൂടാതെ ഇരിക്കേണ്ട മമ്മികൾ തയ്യാറാക്കിയിരുന്നതു്.

മനുഷ്യർക്ക് എന്തു് ഇഷ്ടമോ, മനുഷ്യരുടെ ദൈവങ്ങൾക്കും അതൊക്കെ ഇഷ്ടമാണു്. 'യദന്നഃ പുരുഷോ ലോകേതദന്നാ സ്തസ്യദേവതാഃ' കുളികഴിഞ്ഞാൽ അല്പം സുഗന്ധപ്പുക ഏല്ക്കുന്നതു മനുഷ്യർക്കെന്നപോലെ ദേവന്മാർക്കും ആഹ്ലാദകരമാകാതിരിക്കുകയില്ല എന്ന വിശ്വാസത്താലാവാം, പൂജയിൽ അഭിഷേകത്തിനുശേഷം ധൂപം (സുഗന്ധപ്പുകയേല്പി

ക്കൽ) ഉൾപ്പെടുത്തിയതു്. ധൂപം ഉണ്ടാക്കാൻ ഓടുകൊണ്ടും മററും പണ്ടു നിർമിച്ചിരുന്ന 'ധൂപക്കുററികൾ' മനോഹരങ്ങളായ കലാവസ്തുക്കൾകൂടി ആയിരുന്നു. ഇവയിൽ അഷ്ടഗന്ധവും സാമ്പ്രാണിയും ഇട്ടു പുകയ്ക്കുകയാണു് ഇന്ത്യയിലെ ദേവാലയങ്ങളിൽ പതിവു്. പുകയുമ്പോൾ വാസന പരത്തുന്ന എട്ടുതരം സസ്യങ്ങളാണു് അഷ്ടഗന്ധം. ചന്ദനവും അകിലുമാണു് ഇവയിൽ പ്രധാനപ്പെട്ടവ.

ധൂപക്കുററികളും തീക്കനലും പുകയ്ക്കാനുള്ള വസ്തുക്കളും വെവ്വേറെ സംഭരിക്കുകയെന്ന പ്രയാസം ഒഴിവാക്കാനാവാം, ചുമ്മാ തീ കൊളുത്തിയാൽ പുകഞ്ഞുതുടങ്ങുന്ന ചന്ദനത്തിരികൾ ഉണ്ടാക്കാൻ ചിലർ ഒരുമ്പെട്ടതു്. ചൈനയിലെ ബൗദ്ധക്ഷേത്രങ്ങളിലാണു് ചന്ദനത്തിരികൾ ആദ്യമായി ഉപയോഗത്തിൽവന്നതു് എന്നാണു് എൻെറ ധാരണ. എന്നാൽ, ഇന്ത്യയിൽ ആദ്യമായി ചന്ദനത്തിരികൾ നിർമിച്ചു തുടങ്ങിയതു് ഏതാനും നൂററാണ്ടുകൾമുമ്പു തമിഴ്നാട്ടിൽ ചില മുസ്ലിങ്ങളാണത്രേ. ചന്ദനത്തിരിയുടെ അസംസ്കൃതവിഭവം മുളയുടെ നേർത്ത ഒരു പൊളിയും അതിനെ പൊതിയാൻ കരി ചന്ദനപ്പൊടിയുമാണു്. ഇവ രണ്ടും സുലഭമായ മൈസൂറിൽ ഈ മുസ്ലിങ്ങളിൽ ചിലർ ഈ നൂററാണ്ടിൻെറ ആരംഭത്തിൽ ചെന്നു പാർത്തു. വലിയൊരു കടിൽവ്യവസായമായി ചന്ദനത്തിരിനിർമാണം അവിടെ വളരാൻ പിന്നെ താമസമുണ്ടായില്ല. ഇപ്പോൾ ഇന്ത്യയിലാകെ ആണ്ടിൽ നൂററമ്പതുകോടി രൂപ വിലവരുന്ന ചന്ദനത്തിരികൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടത്രെ. ഇതിൽ എഴുപതു ശതമാനവും ഉണ്ടാക്കുന്നതു് കർണ്ണാടക സംസ്ഥാനത്തിലാണു്.

1948–ൽ സ്ഥാപിക്കപ്പെട്ട ചന്ദനത്തിരിനിർമാതാക്കളുടെ അഖിലേന്ത്യാ സംഘടനയിൽ (ആൾ ഇന്ത്യ അഗർബത്തി മാനുഫാക്ചറേഴ്സ് അസോസ്യേഷൻ) മുന്നൂറോളം നിർമാതാക്കൾ അംഗങ്ങളായിട്ടുണ്ടു്. അസോസ്യേഷനിൽ ചേരാതെ ഏതാണ്ടു് അത്രയും ചന്ദനത്തിരിനിർമാതാക്കൾ വേറെയും ഉണ്ടായിരിക്കാമത്രേ. ഇവയിൽ, ബാംഗ്ളൂരിൽ പത്തും മൈസൂറിൽ അഞ്ചും കമ്പനികൾ അടക്കം, പതിനഞ്ചു കമ്പനികൾക്കുമാത്രമേ ആണ്ടിൽ ഒരു കോടി രൂപയിലേറെ വിററുവരവുള്ളു. മററുള്ളവയെല്ലാം നന്നേ ചെറിയ സ്ഥാപനങ്ങളാണു്; അവയുടെ ഉല്പാദനവും വിററുവരവും വളരെ പരിമിതവുമാണു്. രജിസ്റ്റർചെയ്ത ചന്ദനത്തിരിക്കമ്പനികളിലെല്ലാംകൂടി പതിനായിരത്തോളം തൊഴിലാളികളേ ജോലിചെയ്യുന്നുള്ളു. കർണാടകത്തിൽ ഈ തൊഴിലാളികളുടെ ശരാശരി കൂലി ദിവസത്തിൽ 10 മുതൽ 12 വരെ രൂപയാണു്. ഇതു വളരെ ഉയൻ കൂലിനിരക്കാണെന്നത്രെ നിർമാതാക്കളുടെ പക്ഷം. നാലു ലക്ഷത്തോളം ആളുകൾ, പലവിധത്തിൽ, ഈ വ്യവസായത്തെ ആശ്രയിച്ചു പുലരുന്നതായി വിശ്വസിക്കപ്പെടുന്നു.

ചന്ദനത്തിരിനിർമാണം പ്രയാസമുള്ളതല്ല. ചന്ദനമരത്തിൻെറ വെള്ള, ചന്ദനതൈലം വാററിയെടുത്തശേഷം ബാക്കിവരുന്ന കാതൽ എന്നിവയാണു മുഖ്യസാമഗ്രികൾ. കർണാടക ഗവണ്മെൻറുവക വ്യവസായശാലകളിൽനിന്നു് ഇവ വാങ്ങാൻ കിട്ടും. ഇവ പൊടിച്ചു്, വേറെയും പല സാമഗ്രികളും ചേർത്തു്, കുഴച്ചു കുഴമ്പുപരുവത്തിലാക്കണം. 'സാങ്കേതികം' എന്നു പറയാവുന്ന വശം ഇതാണു്; ഇവിടെയാണു വൈവിദ്ധ്യവും പാകത്തിനു നീളവും (ഏതാണ്ടു് ഒരു അടി) വണ്ണവും (ഏതാണ്ടു് ഈർക്കിലിൻെറയത്ര) ഉള്ള മുളപ്പൊളികളുടെ മീതെ ഈ കുഴമ്പു് (ധൂപ് എന്നാണു് ഇതു് അറിയപ്പെടുന്നതു്) കൈകൊണ്ടു തേച്ചുപിടിപ്പിച്ചു് ഉരുട്ടി ഉണക്കണം. പിന്നീടിവ തരംതിരിച്ചു കടലാസ്സുറകളിലിട്ടു കാഡ്ബോർഡ്പെട്ടികളിൽ നിറയ്ക്കണം. ഈ പ്രക്രിയയിൽ, കുഴമ്പു് (ധൂപ്)

നിർമാണത്തിൽ മാത്രമേ അല്പം 'രഹസ്യം' ഉള്ളൂ; വൈദഗ്ധ്യവും ആവശ്യമുള്ളൂ. മറ്റെല്ലാ പ്രവൃത്തികളും വികേന്ദ്രീകൃതമായി, വീടുകളിൽ ചെയ്യാവുന്നവയാണ്. സാധനസാമഗ്രികൾ കൊടുത്തും, ഉല്പന്നത്തിനു നിശ്ചിതനിരക്കിൽ കൂലി നിശ്ചയിച്ചും, വീടുകളിൽവച്ചു ചന്ദനത്തിരികൾ തയ്യാറാക്കിക്കുകയാണു മിക്ക നിർമാതാക്കളുംചെയ്യുന്നതു്. കൂടുതൽ സുഗന്ധവും വിലയും ഉള്ള വിശേഷപ്പെട്ട ഇനങ്ങൾ മാത്രമാണു നേരിട്ടു ഫാക്ടറികളിൽ നിർമിച്ചുവരുന്നതു്.

കർണാടക സംസ്ഥാനത്തിൽ ചന്ദനത്തിരിവ്യവസായം ക്ഷയിച്ചുവരുകയാണത്രെ. അസംസ്കൃതസാമഗ്രികളുടെ ദൗർലഭ്യംതന്നെ മുഖ്യകാരണം. കർണാടകത്തിലെ ചന്ദനത്തിരിനിർമാതാക്കൾക്കു് ആണ്ടിൽ ആയിരത്തഞ്ഞൂറു ടൺ മുള ആവശ്യമുണ്ടു്. മുള ഒരു മലഞ്ചരക്കാണു്; അതു സ്റ്റേറ്റു് ഗവണ്മെൻറു് മൊത്തമായി, ചുരുങ്ങിയ വിലയ്ക്കു്, കടലാസ്—റയോൺ—കമ്പനികൾക്കു വിററുവരുകയുമാണു്. അതിനാൽ കർണാടകത്തിലെ ചന്ദനത്തിരിനിർമാതാക്കൾ തങ്ങൾക്കാവശ്യമുള്ള മുള ദൂരെ അസമിൽനിന്നു വരുത്തുകയാണു് ഇപ്പോൾ ചെയ്യുന്നതു്. കർണാടക സംസ്ഥാനത്തിലെ കടലാസ്—റയോൺ—കമ്പനികൾക്കു് ഒരു കിലോഗ്രാം മുളയ്ക്കു് ഒരു രൂപ ചെലവാകുമ്പോൾ, പാവപ്പെട്ട ചന്ദനത്തിരി നിർമാതാക്കൾ ഒരു കിലോഗ്രാം മുളയ്ക്കു നാലു രൂപ വില നൽകേണ്ടിവരുന്നു.

ചന്ദനത്തിരിനിർമാണം ഇപ്പോൾ അഭിവൃദ്ധിപ്പെട്ടുവരുന്ന ഇന്ത്യൻ സംസ്ഥാനം ഗുജറാത്തു് ആണത്രെ. ഗുജറാത്തിൽ ഉണ്ടാക്കിയ ചന്ദനത്തിരികൾ, ബാംഗ്ലൂരിൽ നിർമിച്ച ചന്ദനത്തിരികളുടേതിനേക്കാൾ കുറഞ്ഞ വിലയ്ക്കു്, ബാംഗ്ലൂരിൽ ഇപ്പോൾ വിററുവരുന്നു. അന്താരാഷ്ട്രവിപണിയിൽ ഇപ്പോൾ ഒരാണ്ടിൽ മൂന്നു—മൂന്നര—കോടി ഡോളർ വിലയ്ക്കുള്ള ചന്ദനത്തിരിയാണു വിററഴിയുന്നതു്. ഇന്ത്യയിൽനിന്നു് ഇപ്പോൾ ആണ്ടിൽ എൺപതുലക്ഷം ഡോളർ വിലയ്ക്കുള്ള ചന്ദനത്തിരിയേ കയററിയയയ്ക്കുന്നുള്ളു. അന്താരാഷ്ട്രവിപണിയിൽ ഇന്ത്യൻ ചന്ദനത്തിരികളേക്കാൾ വില കുറവാണു്, ജപ്പാൻ, തൈവാൻ, ചൈന, കൊറിയ എന്നീ രാജ്യങ്ങളിൽ നിർമിക്കുന്ന ചന്ദനത്തിരികൾക്കു്.

മലയാളത്തിൽ 'ചന്ദനത്തിരി' എന്നു പറയുന്ന ഈ വസ്തുവിനു മററു മിക്ക ഇന്ത്യൻ ഭാഷകളിലും 'അഗർബത്തി' എന്ന പേരാണു നൽകിക്കാണുന്നതു്. അഗർ എന്നാൽ, അകിൽ (അഗരു). ബത്തി എന്നാൽ, തിരി (വർത്തി). മുഖ്യ—അസംസ്കൃതവിഭവം ചന്ദനത്തിൻെറ വെള്ളയും 'പിണ്ണാക്കും' (എണ്ണ വാററിയശേഷം ബാക്കിയാവുന്ന തടി) ആകയാൽ, മലയാളത്തിലെ പേരിനുതന്നെയാണു കൂടുതൽ ഔചിത്യം.

ചന്ദനത്തിരിയുടെ പുക മനുഷ്യരിൽ സാത്വികവികാരങ്ങൾ ഉണർത്തുമെന്നാണു കരുതപ്പെടുന്നതു്. സായിബാബയുടെ പ്രത്യേക നിർദേശങ്ങൾ അനുസരിച്ചു് ഒരുതരം വിശേഷപ്പെട്ട ചന്ദനത്തിരി പുട്ടപർത്തിയിൽ നിർമിക്കുന്നുണ്ടെന്നും, അതിൻെറ പുക തട്ടുന്ന നിമിഷത്തിൽ തൻെറ മനസ്സു് തനിയേ ധ്യാനത്തിൽ ലയിക്കുമെന്നും ബാബാഭക്തനായ ഒരു സുഹൃത്തു് ഒരിക്കൽ എന്നോടു പറയുകയുണ്ടായി. ആവോ! ഏതായാലും ആ ചന്ദനത്തിരിയുടെ പുക ഇന്നോളം ഞാൻ മുകർന്നിട്ടില്ല!

(20 ഡിസംബർ, 1987)